# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 11, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1735/2021

# മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി : ശ്രീ. പിണറായി വിജയൻ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക
സമുദായക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി : ശ്രീ. എ. കെ. ബാലൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി : ശ്രീ. ഇ. ചന്ദ്രശേഖരൻ

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും
ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി : ഡോ. കെ. ടി. ജലീൽ

വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പുമന്ത്രി : ശ്രീ. ഇ. പി. ജയരാജൻ

വൈദ്യുതി വകുപ്പുമന്ത്രി : ശ്രീ. എം. എം. മണി

ജലവിഭവ വകുപ്പുമന്ത്രി : ശ്രീ. കെ. കൃഷ്ണൻകുട്ടി

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി : ശ്രീ. എ. സി. മൊയ്തീൻ

വനവും മൃഗസംരക്ഷണവുംമൃഗശാലകളും
വകുപ്പുമന്ത്രി : ശ്രീ. കെ. രാജു

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും
വകുപ്പുമന്ത്രി : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി : ശ്രീ. ടി. പി. രാമകൃഷ്ണൻ

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി : പ്രൊഫ. സി. രവീന്ദ്രനാഥ്

ഗതാഗത വകുപ്പുമന്ത്രി : ശ്രീ. എ. കെ. ശശീന്ദ്രൻ

ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പുമന്ത്രി : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി : ശ്രീ. ജി. സുധാകരൻ

കൃഷി വകുപ്പുമന്ത്രി : ശ്രീ. വി. എസ്. സുനിൽകുമാർ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും
വകുപ്പുമന്ത്രി : ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി : ശ്രീ. പി. തിലോത്തമൻ

ധനകാര്യവും കയറും വകുപ്പുമന്ത്രി : ഡോ. ടി. എം. തോമസ് ഐസക്

# ഉള്ളടക്കം

**ചരമോപചാരം** പേജ്

സി. എഫ്. തോമസ്, പ്രണബ് കുമാർ മുഖർജി എന്നിവരുടെ നിര്യാണം ... 1

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 11, തിങ്കൾ

വാല്യം 183] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനുവരി മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(കോവിഡ്-19 പ്രോട്ടോകോൾ പ്രകാരം ബഹുമാനപ്പെട്ട അംഗങ്ങൾ മുഖാവരണം ധരിച്ച് സാമൂഹികാകലം പാലിച്ച് പ്രത്യേകം പ്രത്യേകം കസേരകളിൽ ഉപവിഷ്ടരായി.)

മി. സ്പീക്കർ: ഓർഡർ...ഓർഡർ......

**ചരമോപചാരം**

സി.എഫ്. തോമസ്, പ്രണബ് കുമാർ മുഖർജി എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭാംഗമായ സി.എഫ്. തോമസ് 2020 സെപ്റ്റംബർ 27-ന് നിര്യാതനായി. ആറാം കേരള നിയമസഭ മുതൽ തുടർച്ചയായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു വരികയായിരുന്നു.

സി. ടി. ഫ്രാൻസിസ് - അന്നമ്മ ദമ്പതികളുടെ മകനായി 1939 ജൂലൈ 30-ന് ജനിച്ചു. ബി.എഡ്. ബിരുദധാരിയായ സി. എഫ്. തോമസ് വിദ്യാർത്ഥി സംഘടനാപ്രവർത്തനത്തിലൂടെയാണ് പൊതുരംഗത്തേയ്ക്ക് കടന്നുവന്നത്. ആറ് പതിറ്റാണ്ടുകാലം കേരള രാഷ്ട്രീയത്തിലെ സജീവ സാന്നിധ്യമായിരുന്ന സി.എഫ്.തോമസ് 1956-ൽ കോൺഗ്രസ് അംഗത്വം സ്വീകരിച്ചുവെങ്കിലും 1964-ൽ കേരള കോൺഗ്രസ് രൂപീകരണത്തിൽ പങ്കുവഹിക്കുകയും ആ പാർട്ടിയിൽ തുടരുകയും ചെയ്തു. വ്യക്തിജീവിതത്തിലും രാഷ്ട്രീയത്തിലും തന്റെ നിലപാടുകളിൽ ഉറച്ചുനിന്ന സി.എഫ്. തോമസ് കേരള കോൺഗ്രസ് (എം) പാർട്ടിയുടെ ജനറൽ സെക്രട്ടറി, ഡെപ്യൂട്ടി ചെയർമാൻ, ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിച്ചു.

1962 മുതൽ 1980-ൽ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതുവരെ അദ്ധ്യാപകനായിരുന്ന കാലയളവിലും അദ്ദേഹം രാഷ്ട്രീയത്തിൽ സജീവമായിരുന്നു. 1980 മുതൽ തുടർച്ചയായ ഒൻപത് തെരഞ്ഞെടുപ്പുകളിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്ന് വിജയിച്ചു. സംശുദ്ധ രാഷ്ട്രീയ ജീവിതത്തിനുടമയായിരുന്ന സി.എഫ്. 2001-ലെ എ.കെ ആന്റണി മന്ത്രിസഭയിലും തുടർന്നുവന്ന ഉമ്മൻചാണ്ടി മന്ത്രിസഭയിലും രജിസ്ട്രേഷൻ, ഗ്രാമവികസനം, ഖാദി വകുപ്പുകളുടെ ചുമതല വഹിച്ചു. സൗമ്യനും എളിമയും വിനയവും കൈമുതലാക്കിയ വ്യക്തിയായ സി.എഫ്., ചങ്ങനാശ്ശേരിക്കാരുടെ "ബേബി സാർ" ആയിരുന്നു. സാധാരണക്കാരുടെ പ്രയാസങ്ങൾ മനസ്സിലാക്കുകയും അനുകമ്പയോടെ അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്തിരുന്ന അദ്ദേഹം വ്യക്തിജീവിതത്തിൽ വളരെ മിതത്വം പാലിച്ചിരുന്നു. ഏതുസമയത്തും സമീപിക്കാവുന്ന ജനകീയനായ ഒരു പൊതുപ്രവർത്തകനായിരുന്നു സി.എഫ്. തോമസ്. നിശബ്ദവും നിസ്വാർത്ഥവുമായ പൊതുപ്രവർത്തനത്തിലൂടെ കർമ്മനിരതനായ അദ്ദേഹം ചങ്ങനാശ്ശേരിയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചത്.

വിനയപൂർവ്വമായ പെരുമാറ്റവും ലാളിത്യമാർന്ന ജീവിതവുംകൊണ്ട് ഏവരുടെയും ഹൃദയത്തിലിടംപിടിച്ച ഒരു വ്യക്തിയെയും കർമ്മനിരതവും സംശുദ്ധവുമായ രാഷ്ട്രീയ ജീവിതത്തിലൂടെ മാതൃകാപരമായ പൊതുപ്രവർത്തനം നടത്തിയ ഒരു നേതാവിനെയുമാണ് സി.എഫ്. തോമസിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

ഭാരതത്തിന്റെ മുൻരാഷ്ട്രപതി പ്രണബ് കുമാർ മുഖർജി 2020 ആഗസ്റ്റ് 31-ന് അന്തരിച്ചു. രാഷ്ട്രതന്ത്രജ്ഞനായും ഭരണാധികാരിയായും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രണബ് കുമാർ മുഖർജി 1935 ഡിസംബർ 11-ന് ബംഗാളിലെ മിറാത്തി ഗ്രാമത്തിൽ ജനിച്ചു. കൊൽക്കത്ത സർവ്വകലാശാലയിൽനിന്നും ചരിത്രം, രാഷ്ട്രമീമാംസ, നിയമം എന്നീ വിഷയങ്ങളിൽ ബിരുദം നേടിയ അദ്ദേഹം തുടക്കത്തിൽ പോസ്റ്റ് ആൻഡ് ടെലിഗ്രാഫ് വകുപ്പിലെ ഉദ്യോഗസ്ഥനായിരുന്നു. പിന്നീട് വിദ്യാനഗർ കോളേജിൽ അദ്ധ്യാപകനായി. രാഷ്ട്രീയ പ്രവേശനത്തിനുമുമ്പ് കുറച്ചുനാൾ പത്രപ്രവർത്തന രംഗത്തും പ്രവർത്തിച്ചിരുന്നു.

ബംഗ്ലാ കോൺഗ്രസ്സിലൂടെയായിരുന്നു പ്രണബ് കുമാർ മുഖർജിയുടെ രാഷ്ട്രീയ പ്രവേശനം. 1969-ലെ മിഡ്നാപ്പൂർ തെരഞ്ഞെടുപ്പിൽ മികച്ച സംഘടനാപാടവം പ്രകടിപ്പിച്ച അദ്ദേഹത്തെ മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധി കോൺഗ്രസ്സിലേയ്ക്ക് ക്ഷണിക്കുകയാണുണ്ടായത്. 1969-ൽ രാജ്യസഭാംഗമായി. 1973-ൽ കേന്ദ്ര വ്യവസായ സഹമന്ത്രിയായും പിന്നീട് ധനമന്ത്രിയായും ഇന്ദിരാഗാന്ധി മന്ത്രിസഭയിൽ പ്രവർത്തിച്ചു. ഇക്കാലയളവിൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ച അദ്ദേഹം അക്കാലത്ത് കോൺഗ്രസ്സിന്റെ രാഷ്ട്രീയ നയരൂപീകരണത്തിന്റെ

മുഖ്യസൂത്രധാരനായിരുന്നു. കോൺഗ്രസ് പാർട്ടിയുമായുള്ള ഭിന്നതയെത്തുടർന്ന് 1986-ൽ രാഷ്ട്രീയ സമാജ് വാദി കോൺഗ്രസ് എന്ന പാർട്ടി രൂപീകരിച്ചെങ്കിലും പിന്നീട് കോൺഗ്രസ്സിലേയ്ക്ക് മടങ്ങിവന്നു. 1991 മുതൽ 1996 വരെ ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനായി അദ്ദേഹം പ്രവർത്തിച്ചു. 1969 മുതൽ 2004 വരെയുള്ള കാലയളവിൽ അഞ്ചുതവണ രാജ്യസഭാംഗമായിരുന്ന അദ്ദേഹം 2004-ൽ പശ്ചിമ ബംഗാളിലെ ജംഗിപൂരിൽനിന്നും ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 2004 മുതൽ 2012 വരെയുള്ള കാലയളവിൽ വിവിധ മന്ത്രിസഭകളിൽ ധനകാര്യം, പ്രതിരോധം, വിദേശകാര്യം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തു. ഇൻഡോ - യു.എസ്. ആണവ കരാർ ഒപ്പുവച്ചത് പ്രണബ് കുമാർ മുഖർജി വിദേശകാര്യ മന്ത്രിയായിരിക്കെയാണ്. ഐ.എം.എഫ്., ലോകബാങ്ക്, എ.ഡി.ബി. എന്നിവയുടെ ഭരണനിർവ്വഹണ സമിതിയിൽ അംഗമായിരുന്നിട്ടുണ്ട്.

അരനൂറ്റാണ്ടുകാലത്തെ പൊതുജീവിതത്തിനുടമയായ പ്രണബ് കുമാർ മുഖർജി 2012-ലാണ് ഭാരതത്തിന്റെ പതിമൂന്നാമത് രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെടുന്നത്. രാഷ്ട്രപതി സ്ഥാനത്തേയ്ക്കുള്ള അദ്ദേഹത്തിന്റെ സ്ഥാനാർത്ഥിത്വം കക്ഷി രാഷ്ട്രീയഭേദമെന്യേ പിന്തുണയ്ക്കപ്പെട്ടു. ആ പദവിയുടെ യശസ്സുയർത്തുന്ന തരത്തിലുള്ള മാതൃകാപരമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചത്. മിതഭാഷിയായ അദ്ദേഹം ഏത് പ്രതികൂല സാഹചര്യങ്ങളിലും രാഷ്ട്രീയത്തിനതീതമായി ഭരണഘടനാധിഷ്ഠിതമായ ഉറച്ച തീരുമാനങ്ങൾ കൈക്കൊണ്ട് മാതൃക കാട്ടിയിരുന്നു. 2008-ൽ പത്മവിഭൂഷണം 2019-ൽ ഭാരതരത്നവും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു.

രാഷ്ട്രപതിയായിരിക്കെ കേരളത്തിലെ നിയമനിർമ്മാണസഭയുടെ ശതോത്തര രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2012 ഒക്ടോബർ 30-ന് അദ്ദേഹം സഭാംഗങ്ങളെ അഭിസംബോധന ചെയ്യുകയുണ്ടായി. തുടർന്ന്, നിയമസഭാ സമുച്ചയം പരിസ്ഥിതി സൗഹൃദമാക്കുന്ന പരിപാടിക്ക് തുടക്കംകുറിച്ചുകൊണ്ട് അദ്ദേഹം നിയമസഭാ അങ്കണത്തിൽ ഊദ് വൃക്ഷത്തൈ നടുകയും ചെയ്തിരുന്നു.

അദ്ദേഹത്തെ സന്ദർശിക്കാൻ ഒരവസരം ലഭിച്ചപ്പോഴുണ്ടായ വ്യക്തിപരമായ അനുഭവംകൂടി ഞാൻ ഇവിടെ പങ്കുവയ്ക്കുകയാണ്. അദ്ദേഹം വളരെ കൗതുകത്തോടുകൂടി ഞാൻ സമ്മാനിച്ച പുസ്തകത്തെക്കുറിച്ച് ആരായുകയുണ്ടായി. ആ പുസ്തകം അസുരവംശത്തെക്കുറിച്ചുള്ള ഒരു പുസ്തകമായിരുന്നു. അദ്ദേഹം ഒന്നുമറിയാത്ത ആളെപ്പോലെ അസുര വംശവുമായും ഓണവുമായും ബന്ധപ്പെട്ട് ചില ചോദ്യങ്ങൾ ചോദിച്ചു. ചോദ്യങ്ങൾക്ക് ഒരു കുട്ടിയെപ്പോലെ ഞാൻ അദ്ദേഹത്തോട് ഉത്തരം പറഞ്ഞുകൊണ്ടിരുന്നപ്പോൾ അദ്ദേഹം പറഞ്ഞു, ഇനി നിങ്ങൾ ഇരിക്കു, ഞാൻ വിശദീകരിക്കാം; അസുരവംശത്തിന്റെ വാസ്തുവിദ്യയിലെ ചരിത്രത്തെക്കുറിച്ചും

ഇന്ത്യയിലെ ഒരേയൊരു സമൂഹം മാത്രമാണ് അസുരവംശത്തെ ഓർമ്മിച്ചുകൊണ്ട് ഒരു ആഘോഷം നടത്തിക്കൊണ്ടിരിക്കുന്നതും എന്നുപറഞ്ഞുകൊണ്ട് കേരളം മഹാബലിയെ ആദരിക്കുന്നതിന്റെ ചരിത്രപരവും സാമൂഹ്യപരവുമായ പ്രാധാന്യം വളരെയധികം ആഴത്തിൽ വിശദീകരിക്കുകയുണ്ടായി. ഏത് വിഷയത്തെ സംബന്ധിച്ചും ഒരു സർവ്വവിജ്ഞാനകോശത്തെപ്പോലെ അദ്ദേഹത്തിന് പെരുമാറാൻ കഴിയുമായിരുന്നുവെന്നതിന്റെ ഉത്തമ ഉദാഹരണമായി എനിക്കത് അനുഭവപ്പെട്ടു.

ഒരു സാധാരണക്കാരനായി ജനിച്ച പ്രണബ് കുമാർ മുഖർജി അരനൂറ്റാണ്ടു കാലത്തെ സംശുദ്ധവും മികവുറ്റതുമായ രാഷ്ട്രീയ പ്രവർത്തനത്തിനിടെ ഉന്നതമായ നിരവധി പദവികൾ അലങ്കരിച്ചു. പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിലുള്ള അസാമാന്യമായ വൈഭവവും സംഘടനാപാടവവും ഉന്നതമായ പദവികളിലേയ്ക്കുള്ള പടവുകൾ അദ്ദേഹത്തിന് അനായാസമാക്കി. എഴുത്തുകാരൻ, വാഗ്മി, രാഷ്ട്രതന്ത്രജ്ഞൻ എന്നീ നിലകളിലും പ്രശോഭിച്ച ജ്ഞാനവൃദ്ധനായ ഒരു കർമ്മയോഗിയായിരുന്നു അദ്ദേഹം. അന്താരാഷ്ട്രതലത്തിൽ ഇന്ത്യയുടെ മുഖമായിരുന്ന, ഇന്ത്യൻ രാഷ്ട്രീയത്തിൽ പകരംവയ്ക്കാനാകാത്ത സാന്നിധ്യമായിരുന്ന, ഈ മനീഷിയുടെ നിര്യാണത്തോടെ അതുല്യനായ ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കേരള കോൺഗ്രസിന്റെ മുതിർന്ന നേതാവ് സി.എഫ്. തോമസിന്റെ വേർപാട് വേദനാജനകമാണ്. അദ്ദേഹത്തെക്കുറിച്ച് അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുന്നു. ഈ സഭയിൽ നമ്മോടൊപ്പമുണ്ടായിരുന്ന വ്യക്തി ഇപ്പോഴും ഉണ്ടാകേണ്ടതായിരുന്നു. നിർഭാഗ്യവശാൽ സഭയുടെ കാലാവധി കഴിയുന്നതിനുമുമ്പുതന്നെ അദ്ദേഹം സഭയോടും ലോകത്തോടുതന്നെയും വിട പറഞ്ഞു. നാല് പതിറ്റാണ്ട് നീണ്ട നിയമസഭാ ജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അത്യപൂർവ്വം പേർക്കുമാത്രമേ ഇടതടവില്ലാത്ത വിധത്തിൽ ദീർഘമായ ഇത്തരം പാർലമെന്ററി ജീവിതം ഉണ്ടായിട്ടുള്ളൂ. തന്റെ രാഷ്ട്രീയ നിലപാടുകളിൽ ഉറച്ചുനില്ക്കുമ്പോഴും നാടിന്റെ പൊതുവായ വികസനത്തിനുവേണ്ടി രാഷ്ട്രീയത്തിനതീതമായി എല്ലാവരുമായി യോജിക്കണമെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. പൊതുപ്രവർത്തനത്തിൽ ധാർമ്മികമൂല്യങ്ങൾക്ക് അദ്ദേഹം വലിയ വില കൽപ്പിച്ചു. കുറച്ചുകാലമായി രോഗബാധിതനായിരുന്ന അദ്ദേഹം ആരോഗ്യപ്രശ്നങ്ങളെപ്പോലും അവഗണിച്ച് പൊതുപ്രവർത്തനം തുടർന്നു. സി.എഫ്. തോമസുമായി എനിക്ക് പതിറ്റാണ്ടുകളായി അടുത്ത ബന്ധമുണ്ട്. ആ നിലയ്ക്ക് വ്യക്തിപരമായിക്കൂടി ഈ വിയോഗം ദുഃഖകരമാണ്. രാഷ്ട്രീയ പ്രവർത്തനത്തിലെന്നപോലെ പെരുമാറ്റത്തിലും അദ്ദേഹം അങ്ങേയറ്റം മാന്യത പുലർത്തി. മലയോര സമൂഹത്തിന്റെ പൊതുവിലും കർഷക

ജനതയുടെ പ്രത്യേകിച്ചും, പ്രശ്നങ്ങൾ പഠിച്ച് സഭയിൽ ഉന്നയിക്കുന്നതിൽ പ്രത്യേക ശ്രദ്ധവച്ച അംഗമായിരുന്നു അദ്ദേഹം. നമ്മുടെ കാർഷിക സംസ്കൃതിയുടെ കാവൽക്കാരൻ എന്നുപറയാം. കാർഷികോല്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നതിനെ അസാധ്യമാക്കുന്ന കേന്ദ്ര കയറ്റിറക്കുമതി നയമടക്കമുള്ളവയ്ക്കെതിരെ അദ്ദേഹം നിലകൊണ്ടിട്ടുണ്ട്. ഉദാരവൽക്കരിക്കപ്പെട്ട ഇറക്കുമതി നയത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിലുള്ള കാർഷികോല്പന്നങ്ങൾ തന്നെ വിദേശത്തുനിന്ന് ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിൽ അതിശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്. അത്തരം നയങ്ങളുടെ ദുരന്തം അനുഭവിക്കുന്ന കർഷക ജനതയുടെ ശബ്ദമായിരുന്നു അദ്ദേഹം. മലയോര കർഷക സമൂഹത്തിന് അർഹതപ്പെട്ട പട്ടയം നേടിയെടുക്കുന്നതിന് അദ്ദേഹം സഭയിലും പുറത്തും പ്രവർത്തിച്ചിട്ടുണ്ട്. മന്ത്രിയെന്ന നിലയിലും സേവനമനുഷ്ഠിച്ചു. അടിസ്ഥാനപരമായി അദ്ധ്യാപകനായിരുന്ന അദ്ദേഹം അദ്ധ്യാപക സഹജമായ സൗമ്യമായ രീതിയിലേ എന്നും ആരോടും പെരുമാറിയിരുന്നുള്ളൂ. പല പതിറ്റാണ്ടുകൾ ഒരേ മണ്ഡലത്തിൽനിന്ന് ജയിച്ച് സഭയിലെത്തിയെന്നത് അദ്ദേഹത്തിന് അവകാശപ്പെട്ട പ്രത്യേകതയാണ്. സി.എഫ്. തോമസിന്റെ നിര്യാണം കേരള ജനതയ്ക്ക് പൊതുവിലും ഈ സഭയ്ക്ക് പ്രത്യേകിച്ചും വലിയ നഷ്ടമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഇന്ത്യയുടെ യശ്ശസ് സാർവ്വദേശീയതലത്തിൽ ഉയർത്തിപ്പിടിക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ച രാഷ്ട്രതന്ത്രജ്ഞനായിരുന്നു പ്രണബ് കുമാർ മുഖർജി. രാഷ്ട്രപതി സ്ഥാനത്തിന് മതനിരപേക്ഷവും ജനാധിപത്യപരവുമായ ഉള്ളടക്കം നൽകുകയും അതിന്റെ അന്തസ്സ് ദേശാന്തരതലങ്ങളിൽ ശ്രദ്ധിക്കപ്പെടുന്ന വിധത്തിൽ ഉയർത്തുകയും ചെയ്തു. ഭരണഘടനാ മൂല്യങ്ങളുടെ പരിരക്ഷണത്തിനും ശാക്തീകരണത്തിനുംവേണ്ടി നിലകൊണ്ട അദ്ദേഹം മതനിരപേക്ഷതയടക്കമുള്ള മൂല്യങ്ങൾ സമൂഹത്തിൽ രൂഢമൂലമാക്കുന്നതിനുവേണ്ടി നിരന്തരം ശ്രമിച്ചു. ധനകാര്യം, പ്രതിരോധം തുടങ്ങിയ സുപ്രധാന വകുപ്പുകൾ കൈകാര്യം ചെയ്തപ്പോഴൊക്കെ തന്റെ അനിതരസാധാരണമായ വ്യക്തിമുദ്രകൊണ്ട് ശ്രദ്ധേയമായ തലത്തിലേയ്ക്ക് അവയെ ഉയർത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. നെഹ്റുവിയൻ രാഷ്ട്രീയ സംസ്കാരത്തിന്റെ നേർപിന്മുറക്കാരനായിരുന്ന പ്രണബ് കുമാർ മുഖർജി സമൂഹത്തിൽ ശാസ്ത്രയുക്തിയുടെ വെളിച്ചം പടർത്തുന്നതിലും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പൊരുതുന്നതിലും നേതൃത്വപരമായ പങ്കുവഹിച്ചു. അതിപ്രഗത്ഭനായ പാർലമെന്റേറിയൻ എന്ന നിലയിലും പ്രാഗത്ഭ്യമുള്ള വാഗ്മി എന്ന നിലയിലും അദ്ദേഹം നൽകിയ സംഭാവനകൾ എന്നും സ്മരിക്കപ്പെടും. കേരളവുമായും മലയാളികളുമായും ഗാഢവും

സൗഹൃദപൂർണ്ണവുമായ ബന്ധം അദ്ദേഹം സൂക്ഷിച്ചു. ചേരിചേരാ പ്രസ്ഥാനത്തിന്റെ മൂല്യങ്ങൾക്ക് വലിയ വിലകല്പിച്ചിരുന്ന അദ്ദേഹം പല നിർണ്ണായകഘട്ടങ്ങളിലും സാമ്രാജ്യത്വവിരുദ്ധവും സോഷ്യലിസ്റ്റ് ചേരിക്ക് അനുകൂലവുമായ നയസമീപനങ്ങൾ കൈക്കൊണ്ടിരുന്നു. പാർലമെന്റിന്റെ ഇരുസഭകളിലും ദീർഘകാലമുണ്ടായിരുന്ന അദ്ദേഹം സഭാനടപടിക്രമങ്ങൾ അനന്യസാധാരണമായ വിധത്തിൽ കാണാപാഠം പോലെ മനസ്സിൽ സൂക്ഷിച്ചു. അതിന്റെ വെളിച്ചത്തിലുള്ള സമയോചിതമായ ഇടപെടലുകൾ ഭരണ-പ്രതിപക്ഷ ബഞ്ചുകളിലും ഒരുപോലെ വ്യത്യസ്ത ഘട്ടങ്ങളിൽ അദ്ദേഹത്തെ ശ്രദ്ധേയനാക്കി. സ്വതന്ത്ര ഇന്ത്യയിൽ ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ പ്രധാനമന്ത്രിമാരോടും രാഷ്ട്രീയതലത്തിലോ ഭരണതലത്തിലോ ചേർന്ന് പ്രവർത്തിക്കാൻ അദ്ദേഹത്തിന് അവസരമുണ്ടായിട്ടുണ്ട്. ഇന്ദിരാഗാന്ധിയുടെയും രാജീവ്ഗാന്ധിയുടെയും ശ്രീ. മൻമോഹൻ സിംഗിന്റെയും മന്ത്രിസഭയിൽ വളരെ പ്രധാനപ്പെട്ട വകുപ്പുകൾ അദ്ദേഹം വഹിച്ചു. അഗാധമായ അറിവും അനുഭവ പരിജ്ഞാനവും സമന്വയിച്ച അപൂർവ്വം രാഷ്ട്രീയ പ്രതിഭകളിൽ ഒരാളായിരുന്നു പ്രണബ് കുമാർ മുഖർജി. സഭാനടപടിക്രമങ്ങളിൽ ഉന്നതമായ ജനാധിപത്യ നിലവാരം പുലരണമെന്ന് അദ്ദേഹം എന്നും ആഗ്രഹിച്ചു. രാഷ്ട്രപതി-പ്രധാനമന്ത്രി ബന്ധം ഈടുറ്റതാകേണ്ടതിന്റെ ആവശ്യകത രാഷ്ട്രം സുശക്തമായി നിൽക്കേണ്ടതിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം ആവർത്തിച്ച് ഓർമ്മിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ "The Presidential Years" എന്ന ആത്മകഥയിലും ഇക്കാര്യം അടിവരയിട്ട് ഓർമ്മിപ്പിക്കുന്നുണ്ട്. കേവലം രാഷ്ട്രീയ വ്യക്തിത്വത്തിൽ ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ പ്രതിഭ. സാമ്പത്തികശാസ്ത്രം, സമകാലിക വിഷയങ്ങൾ, ചരിത്രം തുടങ്ങിയ മേഖലകളിലൊക്കെ അദ്ദേഹം മൗലികമായ ചിന്തയുടെ വെളിച്ചം പകരുന്ന കൃതികൾ രചിച്ചിട്ടുണ്ട്. പലതും ഗവേഷണ സ്വഭാവമുള്ള ഉള്ളടക്കത്തോടുകൂടിയതാണ്, അവയോട് യോജിക്കാം, വിയോജിക്കാം. എന്നാൽ രാഷ്ട്രീയത്തെയും സാമ്പത്തിക ശാസ്ത്രത്തെയും ചരിത്രത്തെയുമൊക്കെ ഗൗരവപൂർവ്വം വീക്ഷിക്കുന്ന ഒരാൾക്കും അവയെ മറികടന്നുപോകുക സാധ്യമല്ല. ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ മൂല്യങ്ങളെ പുതിയ കാലത്തിന്റെ രാഷ്ട്രീയത്തിൽ ഇണക്കിച്ചേർക്കണമെന്ന് ആഗ്രഹിച്ച രാഷ്ട്രീയ സാന്നിധ്യമായിരുന്നു അദ്ദേഹത്തിന്റേത്. ഏത് വിഷയവും അഗാധമായി പഠിച്ച് അപഗ്രഥിച്ച് പാർലമെന്റിൽ അവതരിപ്പിക്കുന്നതിലൂടെ രാഷ്ട്രീയ വ്യത്യാസങ്ങൾക്കുപരിയായി എല്ലാവരുടെയും സ്നേഹാദരങ്ങൾ നേടാൻ അദ്ദേഹത്തിന് സാധിച്ചു. പ്രണബ് കുമാർ മുഖർജിയുടെ വിയോഗം രാഷ്ട്രത്തിനും ജനതയ്ക്കും കനത്ത നഷ്ടമാണ്. ആ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. അടുത്തദിവസം വരെ ഈ സഭയിൽ നമ്മളോടൊപ്പമുണ്ടായിരുന്ന സി.എഫ്. തോമസ് ഇന്നില്ല. കേരള രാഷ്ട്രീയം കണ്ട ഏറ്റവും മാന്യനും പക്വമതിയുമായ രാഷ്ട്രീയനേതാക്കന്മാരിൽ ഒരാളാണ് സി.എഫ്. തോമസ്. രാഷ്ട്രീയമായി വിയോജിപ്പ് പ്രകടിപ്പിക്കുമ്പോഴും മാന്യതയ്ക്ക് തെല്ലും പോറലേൽക്കാതെ പുഞ്ചിരിയോടെ അത് പ്രകടിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് രാഷ്ട്രീയ പ്രവർത്തകർക്ക് ഒരു മാതൃകയാണ്. കോൺഗ്രസ്സിന്റെ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് അദ്ദേഹം രാഷ്ട്രീയത്തിൽ തുടക്കം കുറിച്ചതെങ്കിലും ദീർഘകാലം അദ്ധ്യാപകനായി ചങ്ങനാശ്ശേരിയിൽ പ്രവർത്തിച്ചശേഷമാണ് സജീവ രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്നത്. ഒരു അദ്ധ്യാപകന്റെ കുലീനത നൂറുശതമാനം രാഷ്ട്രീയ രംഗത്തും നിലനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. സാധാരണക്കാർക്കും കർഷകർക്കും പാവപ്പെട്ടവർക്കുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച നേതാവായിരുന്നു സി.എഫ്. തോമസ്. നാൽപ്പത് വർഷക്കാലം ഒരു മണ്ഡലത്തെ തുടർച്ചയായി പ്രതിനിധീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത് ജന ജീവിതവുമായിട്ടുള്ള ഇഴയടുപ്പം കാരണമായിരുന്നു എന്നത് വസ്തുതയാണ്. രാഷ്ട്രീയത്തിൽ അല്പംപോലും കറപുരളാത്ത സംശുദ്ധ വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. ലളിത ജീവിതമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. അധികാരത്തോട് ഭ്രമമില്ലാതിരുന്ന അദ്ദേഹം ഒരുതവണ മാത്രമാണ് മന്ത്രിയായത്. കേരള രാഷ്ട്രീയത്തിലും യു.ഡി.എഫ്.-ലും തലയെടുപ്പോടുകൂടി നിന്ന നേതാവായിരുന്നു സി.എഫ്. തോമസ്. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിൽ വിദ്യാർത്ഥിയായിരിക്കുന്ന കാലംമുതൽ അദ്ദേഹവുമായി എനിക്ക് അടുത്ത ബന്ധമുണ്ടായിരുന്നു. 1982-ൽ ഞാൻ ആദ്യമായി നിയമസഭയിലെത്തിയശേഷം ഞങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമായി. നാലുതവണ കോട്ടയം പാർലമെന്റിലേയ്ക്ക് മത്സരിച്ചപ്പോഴും എന്റെ വിജയത്തിനുവേണ്ടി ഏറ്റവും കൂടുതൽ അദ്ധ്വാനിച്ച നേതാവായാണ് സി.എഫ്. തോമസിനെ ഞാൻ കാണുന്നത്. 1986-ൽ കെ. കരുണാകരൻ മന്ത്രിസഭയിൽ ഞാൻ കൈകാര്യം ചെയ്ത ഗ്രാമവികസന വകുപ്പാണ് 2001-06-ൽ ശ്രീ. എ. കെ. ആന്റണി, ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ അദ്ദേഹം കൈകാര്യം ചെയ്തത്. അദ്ദേഹം ഉൾക്കാഴ്ചയും കാര്യക്ഷമതയുമുള്ള ഭരണകർത്താവായിരുന്നു. സാധാരണക്കാർക്കും പാവപ്പെട്ടവർക്കുംവേണ്ടി പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലുള്ള താൽപ്പര്യവും അദ്ദേഹം മന്ത്രിയായിരുന്നപ്പോൾ ദൃശ്യമായിരുന്നു. 1980 മുതൽ 2016 വരെ ഒമ്പത് തവണ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം നിയമസഭയിലെത്തിയത്. അവിടത്തെ ജനങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട

നേതാവായിരുന്നു. ജനങ്ങളോടൊപ്പം സഞ്ചരിക്കുന്ന സാധാരണക്കാരനെപ്പോലെ ഒരു ജനപ്രതിനിധിയെ നമുക്ക് കാണാൻ കഴിയുന്നത് സി.എഫ്. തോമസിലൂടെയായിരുന്നു. ചങ്ങനാശ്ശേരിയിലെ ജനങ്ങളെ കഴിഞ്ഞുമാത്രമേ അദ്ദേഹത്തിന് മറ്റെന്തുമുണ്ടായിരുന്നുള്ളൂ. എക്കാലവും യു.ഡി.എഫ്.-ന്റെ ഭാഗമായി നിൽക്കാൻ ആഗ്രഹിച്ച ആളായിരുന്നു സി. എഫ്. തോമസ്. യു.ഡി.എഫ്. നേതൃത്വം നൽകുന്ന മതേതര ജനാധിപത്യചേരി സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് അനിവാര്യമാണെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചിരുന്നു. ശരിയുടെ പക്ഷത്ത് അടിയുറച്ചുനിൽക്കാനാണ് അദ്ദേഹം എന്നും ശ്രദ്ധിച്ചത്. പ്രലോഭനങ്ങൾ അദ്ദേഹത്തെ വഴിതെറ്റിച്ചില്ല. അവസാന ശ്വാസംവരെയും കേരളത്തിലെ ജനാധിപത്യ ചേരിയോടൊപ്പം ഉറച്ചുനിൽക്കാൻ കഴിഞ്ഞ സി. എഫ്. സാറിനെ നമുക്കൊരിക്കലും മറക്കാൻ കഴിയില്ല. വ്യക്തമായ കാഴ്ചപ്പാടോടെ കർഷക സമൂഹത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ഈ സഭകളിൽ അദ്ദേഹം നടത്തിയിട്ടുള്ള പോരാട്ടങ്ങളെ ഞാൻ ഓർക്കുകയാണ്. സി.എഫ്. തോമസിനെപ്പോലെയുള്ള നേതാവിന്റെ നിര്യാണം കേരളത്തിനും കേരളത്തിലെ ജനങ്ങൾക്കും വിശിഷ്യാ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കും പരിഹരിക്കാനാകാത്ത നഷ്ടമായി ഞാൻ കരുതുകയാണ്.

ഇൻഡ്യൻ ദേശീയ രാഷ്ട്രീയത്തിലെ ഒരു കെടാവിളക്കായി ചൂണ്ടിക്കാണിക്കാൻ കഴിയുന്ന വ്യക്തിത്വമാണ് പ്രണബ് കുമാർ മുഖർജിയുടേത്. അതികായനായ രാഷ്ട്രീയനേതാവും അതുല്യ പ്രതിഭാശാലിയായ ഭരണ കർത്താവുമായിരുന്ന 'പ്രണബ് ദാ' എന്ന് എല്ലാവരും വിളിച്ചിരുന്ന പ്രണബ് കുമാർ മുഖർജി. കഴിഞ്ഞ അരനൂറ്റാണ്ടായി, ഇൻഡ്യൻ നാഷണൽ കോൺഗ്രസ് വെല്ലുവിളികൾ നേരിട്ട കാലത്തും മികച്ച നേതൃത്വം നൽകി പാർട്ടിയെ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കോൺഗ്രസിന്റെ വിശ്വസ്തനായ കർമ്മഭടൻ എന്ന് അറിയപ്പെടാനാണ് പ്രണബ് ദാ എന്നും ആഗ്രഹിച്ചതെന്ന് എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയും. ഞാൻ എൻ.എസ്.യു.ഐ.-യുടെ ദേശീയ അദ്ധ്യക്ഷനായി ഡൽഹിയിലെത്തുമ്പോൾ അദ്ദേഹം ഇന്ദിരാഗാന്ധി മന്ത്രിസഭയിലെ ധനകാര്യമന്ത്രിയെന്ന നിലയിൽ തിളങ്ങി നിൽക്കുകയായിരുന്നു. അന്ന് തുടങ്ങിയ വ്യക്തിബന്ധമാണ്. ഒരു മണിക്കൂർ പ്രണബ് കുമാർ മുഖർജിയുമായി സംസാരിച്ചാൽ ഒരു പുസ്തകം വായിച്ച പ്രതീതിയുണ്ടാകുമായിരുന്നു. വ്യക്തിപരമായി വളരെയേറെ സ്നേഹവാത്സല്യങ്ങൾ അദ്ദേഹം നൽകിയത് ഞാൻ ഓർക്കുകയാണ്. ഒന്നുംരണ്ടും യു.പി.എ. സർക്കാരുകളുടെ ചാലകശക്തിയായി പ്രവർത്തിച്ചത് പ്രണബ് ദാ ആയിരുന്നു. മികച്ച ഭരണതന്ത്രജ്ഞനായിരുന്ന പ്രണബ് ദായുടെ കഴിവുകളെ ഉപയോഗപ്പെടുത്താൻ കോൺഗ്രസ് അദ്ധ്യക്ഷയായ ശ്രീമതി

സോണിയാ ഗാന്ധിയും പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗും എപ്പോഴും ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടുതന്നെ ഒന്നുംരണ്ടും യു.പി.എ. സർക്കാരുകളിൽ പ്രതിരോധം, വിദേശകാര്യം, ധനകാര്യം തുടങ്ങിയ സുപ്രധാന വകുപ്പുകളുടെ ചുമതല അദ്ദേഹത്തിനായിരുന്നു. കൂടാതെ അദ്ദേഹം പ്ലാനിംഗ് കമ്മീഷന്റെ വൈസ് ചെയർമാനുമായിരുന്നു. ഗാഡ്ഗിൽ ഫോർമുലയുടെ അടിസ്ഥാനത്തിലായിരുന്ന സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതവും മറ്റും പ്ലാനിംഗ് കമ്മീഷൻ തീരുമാനിച്ചിരുന്നതെങ്കിൽ അതിന് മാറ്റം വരുത്തിയത് അദ്ദേഹമാണ്. ഇൻഡ്യയുടെ സാമ്പത്തിക ചരിത്രത്തിൽ ഏറ്റവും സുപ്രധാനമായതാണ് ഗാഡ്ഗിൽ ഫോർമുലയിൽ അദ്ദേഹം വരുത്തിയ മാറ്റങ്ങൾ. എ.ഐ.സി.സി. സമ്മേളനങ്ങളിൽ പ്രമേയങ്ങൾ അവതരിപ്പിക്കുന്ന ഘട്ടത്തിൽ അവ തയ്യാറാക്കുന്ന ചുമതല പ്രണബ് കുമാർ മുഖർജിക്കായിരുന്നു. ഏത് പ്രശ്നത്തിനും മറുപടി പറയാൻ കഴിയുന്ന walking encyclopaedia ആയി നമുക്ക് അദ്ദേഹത്തെ വിശേഷിപ്പിക്കാൻ കഴിയും. ആരെയും അത്ഭുതപ്പെടുത്തുന്ന ഓർമ്മശക്തിയായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിന് പരിചിതമല്ലാത്ത ഒരു മേഖലയുമുണ്ടായിരുന്നില്ല. പുസ്തകങ്ങളുടെ നിരന്തര തോഴനായിരുന്നു അദ്ദേഹം. ഏത് രാഷ്ട്രീയ പ്രതിസന്ധിയെയും മറികടക്കാനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്താനുള്ള അനുപമമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. രാഷ്ട്രീയ പ്രതിസന്ധികളെ അതിജീവിക്കാനുള്ള ഫോർമുലകൾ രൂപപ്പെടുത്തിയെടുക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും പ്രത്യേക കഴിവുള്ള ആളായിരുന്നു പ്രണബ് ദാ. ഇൻഡ്യൻ രാഷ്ട്രീയത്തിലെ യഥാർത്ഥ ട്രബിൾ ഷൂട്ടറായിരുന്നു അദ്ദേഹം. തുറന്നചിന്തയും നയതന്ത്രജ്ഞതയും വിശാലമായ കാഴ്ചപ്പാടും കുശാഗ്രബുദ്ധിയും ഒത്തുചേർന്ന ഒരു ബഹുമുഖ പ്രതിഭയായിരുന്നു പ്രണബ് ദാ. ഭരണനിർവ്വഹണത്തിലെ സങ്കീർണ്ണതകളെ ഇഴപിരിച്ച് മനസ്സിലാക്കാനും അതനുസരിച്ച് അവ മുന്നോട്ടുകൊണ്ടുപോകാനുമുള്ള അനിതരസാധാരണമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഏത് വകുപ്പ് കൈകാര്യം ചെയ്താലും അവിടെയെല്ലാം സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. രാജ്യത്തിന്റെ 13-ാമത് രാഷ്ട്രപതിയെന്ന നിലയിലും അദ്ദേഹം നൽകിയ സംഭാവനകൾ അമൂല്യമാണ്. "It is not the titles that honour men but men that honour titles" എന്ന മാക്യവെല്ലി വചനമാണ് അദ്ദേഹത്തിന് ഭാരതരത്നം ലഭിച്ചപ്പോൾ എന്റെ ഓർമ്മയിൽ വന്നത്. പദവികളിലൂടെയല്ല, മറിച്ച് അദ്ദേഹത്തിലൂടെ പദവികൾ ബഹുമാനിക്കപ്പെടുന്നുവെന്ന വാക്യം യാഥാർത്ഥ്യമായത് പ്രണബ് ദായുടെ ജീവിതം പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്ന കാര്യമാണ്. ബംഗാൾ രാഷ്ട്രീയം, സ്വാതന്ത്ര്യസമരകാലത്തും സ്വാതന്ത്ര്യാനന്തര ഇൻഡ്യയിലും അനേകം കരുത്തുള്ള നേതാക്കന്മാരെ ഇൻഡ്യയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രമുഖനായ നേതാവായി പ്രണബ് കുമാർ

മുഖർജിയെ നമുക്ക് വിലയിരുത്താൻ കഴിയും. അതിന്റെ മുൻനിരയിൽ നിൽക്കാൻ എന്തുകൊണ്ടും യോഗ്യനാണ് പ്രണബ് കുമാർ മുഖർജി. ഭാരതത്തിന്റെ മഹാനായ പുത്രന്റെ ഓർമ്മകൾക്കുമുന്നിൽ കൂപ്പുകൈകളോടെ ഞാൻ നിൽക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഈ മഹത്‌വ്യക്തികളെക്കുറിച്ച് ഇവിടെ നടത്തിയ പരാമർശങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. സുതാര്യവും സംശുദ്ധവുമായ പൊതുജീവിതത്തിനുടമയായിരുന്ന പ്രിയപ്പെട്ട സി. എഫ്. തോമസ്. ഇക്കഴിഞ്ഞ സെപ്റ്റംബറിലാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. മഹാമാരിയുടെ കാലമായിരുന്നതിനാൽ നേരിട്ട് അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കാൻ പോലും അദ്ദേഹത്തെ സ്നേഹിക്കുന്ന പലർക്കും കഴിയാതെ പോയിട്ടുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിലേയ്ക്ക് വന്നകാലം മുതൽ സൗമ്യവും ദീപ്തവുമായ വ്യക്തിത്വംകൊണ്ട് സഹപ്രവർത്തകരെ എന്നും തന്നോട് ചേർത്തുനിർത്താൻ സി. എഫ്. തോമസിന് കഴിഞ്ഞിട്ടുണ്ട്. 18 വർഷക്കാലം അദ്ധ്യാപകനായിരിക്കുമ്പോഴും 1980 മുതൽ തുടർച്ചയായി നാലുപതിറ്റാണ്ടിലേറെക്കാലം ചങ്ങനാശ്ശേരിയിലെ എം.എൽ.എ. ആയിരിക്കുമ്പോഴും കേരള കോൺഗ്രസ്സ് പാർട്ടിയുടെ നേതൃത്വം വഹിക്കുമ്പോഴും സംസ്ഥാന മന്ത്രിയായിരിക്കുമ്പോഴുമെല്ലാം സ്നേഹിക്കുന്നവരെയും വിശ്വസിക്കുന്നവരെയും നെഞ്ചോട് ചേർത്തുനിർത്താൻ കഴിഞ്ഞത് സി.എഫ്. തോമസിന്റെ ഏറ്റവും വലിയ വിജയമായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. സ്ഥാനമാനങ്ങളുടെ ലഭ്യതയും നഷ്ടവും ഒന്നും ആ ജനകീയ നേതൃശൈലിയെ ഒട്ടും ബാധിച്ചിരുന്നില്ല. കേരള കോൺഗ്രസ്സ് പാർട്ടിയോടും അതിന്റെ നയങ്ങളോടുമുള്ള അചഞ്ചലമായ കൂറ് തന്റെ സാധാരണക്കാരായ പാർട്ടി പ്രവർത്തകർക്ക് മാതൃകയാകുംവിധം അദ്ദേഹം എന്നും പുലർത്തിയിരുന്നു. സി.എഫ്. തോമസ് എന്ന നേതാവിനെക്കാൾ എന്നും ജനങ്ങൾക്ക് പരിചയം സി. എഫ്. തോമസ് എന്ന മനുഷ്യനെയാണ്. സ്ഥാനമാനങ്ങൾക്കും നേതൃപദവികൾക്കുമപ്പുറം സ്നേഹസമ്പന്നനായ ഒരു മനുഷ്യൻ എന്ന കൂടുതൽ വലിയ പദവി കൈവരിക്കാൻ കഴിഞ്ഞ സി. എഫ്. തോമസ് സാറിന് എല്ലാവിധ ആദരാഞ്ജലികളും അർപ്പിക്കുകയാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ വികാരം മനസ്സിലേറ്റിയ ചുരുക്കം കോൺഗ്രസ്സ് നേതാക്കളിൽ ഒരാളായിരുന്നു പ്രണബ് കുമാർ മുഖർജി. രാഷ്ട്രീയ പ്രവർത്തനരംഗത്ത് സത്യസന്ധതയിൽ പ്രമുഖനായിരുന്നു ഈ പ്രഥമ പൗരൻ. 37 വർഷംവരെ നീണ്ടുനിന്ന അദ്ദേഹത്തിന്റെ പാർലമെന്ററി ജീവിതം 34-ാം വയസ്സിൽ തുടങ്ങിയതായിരുന്നു. ഇന്ദിരാഗാന്ധിയുടെ വിശ്വസ്തനായിരുന്ന നേതാവായിരുന്ന

അദ്ദേഹം. എല്ലാക്കാലത്തും തന്റെ സോഷ്യലിസ്റ്റ് ആഭിമുഖ്യം കാത്തു സൂക്ഷിച്ചിരുന്ന നേതാവ് കൂടിയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രിപദം ഒഴികെയുള്ള മിക്ക ദേശീയ പദവികളും അദ്ദേഹം വഹിച്ചിരുന്നു. അദ്ദേഹം 2012-ൽ ഇൻഡ്യയുടെ പ്രഥമ പൗരനായി തെരഞ്ഞെടുക്കപ്പെട്ടു. ഭരണഘടനയുടെ കാവലാളായിട്ടാണ് അദ്ദേഹം പ്രവർത്തിച്ചതെന്ന് ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതിനെ ഞാൻ അനുകൂലിക്കുകയാണ്. ആ വലിയ മനുഷ്യന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളുമൊക്കെ പറഞ്ഞിട്ടുള്ള അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. സി. എഫ്. തോമസ് സാറിന്റെ രണ്ട് പര്യായപദം നമ്മൾ തിരയുകയാണെങ്കിൽ സൗമ്യം, ലളിതം എന്നീ വാക്കുകളാണ് അദ്ദേഹത്തിന് യോജിച്ചതെന്ന് മനസ്സിലാക്കാൻ സാധിക്കും. 40 വർഷം നിയമസഭാ സാമാജികനും മന്ത്രിയുമായിരുന്നിട്ടും അദ്ദേഹം തന്റെ ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ ലാളിത്യമാണ്.

ചമ്പക്കുളത്തെ സെന്റ് മേരീസ് സ്കൂളിൽ 1962-ൽ അദ്ധ്യാപകനാകുകയും അതിനിടയിൽ പൊതുപ്രവർത്തനത്തിലേയ്ക്ക് വരികയും ചെയ്ത സി.എഫ്. തോമസ് 18 വർഷത്തോളം അദ്ധ്യാപകവൃത്തിയും പൊതുപ്രവർത്തനവും ഒരുമിച്ച് കൊണ്ടുപോകുകയാണുണ്ടായത്. ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും മന്ത്രിസഭകളിലായി ഗ്രാമവികസനം, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളും അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. ആ സമയത്തും തന്റെ വ്യക്തിജീവിതത്തിൽ കറയില്ലാതെ, ശുദ്ധമായ കൈകളോടുകൂടി പൊതുപ്രവർത്തന ജീവിതം പൂർത്തീകരിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ട് 2016-ൽ ചങ്ങനാശ്ശേരിയിലെ നഗരസഭാ ഹാളിൽ ചേർന്ന യോഗത്തിൽ വച്ച് "ഇത് എന്റെ അവസാനത്തെ ഇലക്ഷനാണ്, ഇനി ഞാൻ വോട്ട് ചോദിച്ച് നിങ്ങളുടെ മുന്നിൽ വരില്ല" എന്നാണ് പറഞ്ഞത്. ജീവിതത്തിൽ മറ്റൊന്നും ആഗ്രഹിച്ച വ്യക്തിയായിരുന്നില്ല അദ്ദേഹം. 40 വർഷം അവിടെ മത്സരിച്ച് ജയിച്ചതിന്റെ ഫലമായി അവിടത്തെ എല്ലാ വീടുകളുമായി അദ്ദേഹത്തിന് വ്യക്തിബന്ധമുണ്ടായിരുന്നു. അങ്ങനെ ഏകദേശം നാല് തലമുറകളുമായി സുദൃഢ ബന്ധം നിലനിർത്താൻ അദ്ദേഹത്തിന് സാധിച്ചു. സമുദായ സംഘടനയായ പെരുന്ന എൻ.എസ്.എസ്.-ഉം ആയി മന്നത്ത് പത്മനാഭനുള്ള കാലംമുതലുണ്ടായിരുന്ന ആത്മബന്ധവും ഇതരമതസ്ഥരുമായി നിലനിർത്തിയിരുന്ന സൗഹൃദവും അദ്ദേഹം എന്നും കാത്തുസൂക്ഷിച്ചിട്ടുണ്ട്. കേരള കോൺഗ്രസ്സിന്റെ ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ തുടങ്ങിയ പദവികളെല്ലാം

അദ്ദേഹം അലങ്കരിച്ചിരുന്നു. ഏത് ചേരിയിലുള്ളവർക്കും വ്യക്തിപരമായി എതിർക്കാൻ സാധിക്കാത്തവിധം സുതാര്യമായ വ്യക്തിത്വമായി പരിലസിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഈ സഭയുടെ മുഴുവൻ വികാരത്തോടൊപ്പം ഞാനും പങ്കുചേരുന്നു.

രാഷ്ട്രീയ മുന്നേറ്റത്തിൽ ഉദാത്തമായ പങ്കുവഹിച്ച വിശ്വപൗരൻ എന്ന് വിശേഷിപ്പിക്കാവുന്ന ദേശാഭിമാനിയും സംഘടനാശേഷിയിൽ അങ്ങേയറ്റത്തെ പാടവവും പ്രസംഗമികവും ദീർഘവീക്ഷണവും ഒത്തിണങ്ങിയ വ്യക്തിത്വമാണ് പ്രണബ് കുമാർ മുഖർജി. 1935-ൽ ജനിച്ച് 2020-ൽ അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. രാജ്യസഭയുടെയും ലോക്സഭയുടെയും നായകനായി പ്രവർത്തിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. അദ്ദേഹം മികച്ചൊരു പാർലമെന്റേറിയനാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ, അദ്ദേഹം ഒരു സർവ്വവിജ്ഞാനകോശമായിരുന്നു. ചരിത്രവും നിയമവും രാഷ്ട്രതന്ത്രവും പഠിച്ച് സാധാരണ ഗുമസ്തനായി ഔദ്യോഗിക ജീവിതം ആരംഭിച്ച പ്രണബ് കുമാർ മുഖർജി, സാധാരണക്കാരന്റെ ജീവിതം അനുഭവിച്ച് മനസ്സിലാക്കിയ വ്യക്തി കൂടിയായിരുന്നു. അദ്ദേഹത്തിന്റെ പൊതുജീവിതമെടുത്ത് നോക്കിയാൽ 50 വർഷം നീണ്ടുനിന്ന ഒരു കാലമായിരുന്നു അത്. സമർത്ഥനായ രാഷ്ട്രീയക്കാരൻ, ചതുരനായ നേതാവ്, നിപുണനായ ഭരണാധികാരി, തന്ത്രജ്ഞനായ പ്രശ്നപരിഹാരി, വിദഗ്ദ്ധനായ സമവായവാദി, പണ്ഡിതനായ പ്രായോഗികവാദി എന്നൊക്കെ വിശേഷിപ്പിക്കാൻ സാധിക്കുന്നൊരു വ്യക്തിയായിരുന്നു അദ്ദേഹം.വിദേശകാര്യം, ധനകാര്യം, പ്രതിരോധം എന്നീ വകുപ്പുകൾ ദീർഘകാലം കൈകാര്യം ചെയ്തു. അദ്ദേഹം വിദേശകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ വളരെ സങ്കീർണ്ണമായ പല പ്രശ്നങ്ങളും നമ്മുടെ രാജ്യത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ വളരെ യുക്തിപൂർവ്വം, അവ പരിഹരിക്കുന്നതിനുവേണ്ടിയുള്ള മുന്നണി പോരാളിയായി അദ്ദേഹം പ്രവർത്തിച്ചു. ഭരണഘടനാ തത്വങ്ങളെ മുറുകെപ്പിടിക്കുന്ന പ്രഥമ പൗരനായാണ് പ്രസിഡന്റ് പദവിയിൽ അദ്ദേഹം ഇരുന്നത്. മതേതരത്വത്തെ കാത്തുസൂക്ഷിച്ചാൽ മാത്രമേ ഇന്ത്യക്ക് സമാധാനവും പുരോഗതിയും കൈവരിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് എല്ലാ സമയവും അദ്ദേഹം ആവർത്തിച്ചുകൊണ്ടിരുന്നത്. പ്രശ്നങ്ങളുണ്ടാകുമ്പോൾ ഇന്ദിരാഗാന്ധി മുതൽ മൻമോഹൻ സിംഗ് വരെയുള്ള പ്രധാനമന്ത്രിമാർക്ക് ആശ്രയിക്കാവുന്ന, അവർക്ക് അവസാനവാക്കായ പരിഹാരവുമായി എത്താറുള്ളത് പ്രണബ് കുമാർ മുഖർജിയായിരുന്നു. ഞാൻ സാമൂഹ്യനീതി വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കേരളത്തിൽ ജെന്റർ പാർക്കിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കാനെത്തിയ അദ്ദേഹത്തെയാണ് ഞാൻ ഓർക്കുന്നത്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ

കാലഘട്ടത്തിൽ ഞാൻ സാമൂഹ്യനീതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം തന്നെയാണ് 'കമ്പാഷണേറ്റ് കേരള' എന്ന പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. വ്യക്തിപരമായ ആ ബന്ധംകൂടി സ്മരിച്ചുകൊണ്ട് ഈ രണ്ട് വ്യക്തികളുടെ മുന്നിലും ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, 1980 മുതൽ 40 വർഷക്കാലം കേരള നിയമസഭയുടെ സൗമ്യമുഖമായിരുന്ന സി.എഫ്. സാറിന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും ദുഃഖം രേഖപ്പെടുത്തുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ഡോ. എം. കെ. മുനീർ സി. എഫ്. സാറിന്റെ പേരിനൊപ്പം സൗമ്യം, ലളിതം എന്നീ രണ്ട് പര്യായങ്ങൾ ചേർത്തു. അതോടൊപ്പം മാന്യത എന്ന മൂന്നാമതൊരു പര്യായംകൂടി കൂട്ടിച്ചേർക്കാൻ ഞാൻ ഇഷ്ടപ്പെടുകയാണ്. സൗമ്യവും ലളിതവും മാന്യവുമായിരുന്ന ആ വ്യക്തിത്വം നമ്മുടെയെല്ലാം ആദരവ് പിടിച്ചുപറ്റിയിരുന്നു. 1980-ലാണ് അദ്ദേഹം ആദ്യം മത്സരിക്കുന്നത്. കടുത്ത മത്സരത്തിലൂടെയാണ് 1980-ൽ ഇടതുപക്ഷ മുന്നണി സ്ഥാനാർത്ഥിയായി അദ്ദേഹം ആദ്യം നിയമസഭയിൽ എത്തിച്ചേരുന്നത്. ആദ്യത്തെ മത്സരം കടുത്ത മത്സരമായിരുന്നെങ്കിൽ പിന്നീടുള്ള എല്ലാ മത്സരങ്ങളിലും ജനങ്ങളുടെ സ്നേഹാദരങ്ങൾ പിടിച്ചുപറ്റി നല്ല ഭൂരിപക്ഷത്തോടെ വിജയിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. പൊതുപ്രവർത്തകന്റെ പൊതുജീവിതം മാത്രമല്ല വ്യക്തിജീവിതവും സംശുദ്ധമായിരിക്കണമെന്ന ആശയത്തോട് സമ്പൂർണ്ണമായി നീതിപുലർത്തിയാണ് സി. എഫ്. സാർ പ്രവർത്തിച്ചതും ജീവിച്ചതും. അഴിമതിരഹിതമായി, ഉന്നതമായ ധാർമ്മികമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച്, കക്ഷിഭേദമെന്യേ എല്ലാവരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റി അദ്ദേഹം തന്റെ നിയമസഭാ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയി. എന്റെ തൊട്ടടുത്ത മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചിരുന്നത്. രണ്ട് നിയോജകമണ്ഡലങ്ങൾക്കും ഒരുമിച്ചുള്ള കുടിവെള്ള പദ്ധതികൾ, ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം തുടങ്ങിയ കാര്യങ്ങളിൽ ഒരുമിച്ചുനിന്ന് പ്രവർത്തിക്കാൻ കഴിഞ്ഞത് ഞാൻ ഓർക്കുന്നു. എല്ലാ കാര്യങ്ങളിലും നാടിന്റെ നന്മ, ഉയർച്ച, നേരിന്റെ പക്ഷം ഇതുമാത്രമായിരുന്നു അദ്ദേഹത്തിന്റെ പരിഗണന എന്നത് ഞാൻ ഇത്തരുണത്തിൽ പ്രത്യേകം സ്മരിക്കുകയാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലി സമർപ്പിക്കുന്നു.

ഇന്ത്യയുടെ യശ്ശസ് സാർവ്വദേശീയതലത്തിൽ ഉയർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ഒരു നേതാവാണ് പ്രണബ് കുമാർ മുഖർജി. കൊളോണിയൽ സംസ്കാരത്തിന്റെ ബാക്കിപത്രമായിരുന്ന His Excellency എന്ന വിശേഷണവും Your Excellency എന്ന അഭിസംബോധനയും രാഷ്ട്രപതി, ഗവർണർ പദവികൾക്ക്

വേണ്ട, അത് ഉപേക്ഷിക്കണമെന്ന് ഉത്തരവിറക്കിയ രാഷ്ട്രപതിയാണ് അദ്ദേഹം. പൊതുപ്രവർത്തകർ ജനങ്ങളുടെ യജമാനന്മാരല്ലെന്ന ജനാധിപത്യ ആശയം പൊതുസമൂഹത്തിൽ പ്രാവർത്തികമാക്കാൻ ആ നിർണ്ണായകമായ തീരുമാനം നിമിത്തമായെന്നാണ് എന്റെ വിശ്വാസം. താൻ ഇന്ത്യയുടെ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ റിസർവ് ബാങ്ക് ഗവർണറായിരുന്നയാൾ തന്റെ പ്രധാനമന്ത്രിയായി വന്നത് സ്വീകരിച്ച് സഹകരണത്തോടുകൂടി അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ചിത്രം നമ്മൾ കണ്ടു. പിന്നീട് ആ വ്യക്തി പ്രധാനമന്ത്രിയായിരിക്കുമ്പോൾ ത്തന്നെ ഇദ്ദേഹം രാഷ്ട്രപതിയായി, അത് മറ്റൊരു കാര്യം. പലതവണ പ്രണബ് കുമാർ മുഖർജിയുടെ പേര് പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് പരിഗണിക്കപ്പെട്ടിരുന്നുവെന്ന് നമുക്കറിയാം. ഏതെങ്കിലും ഘട്ടത്തിൽ അത് പ്രാവർത്തികമായിരുന്നെങ്കിൽ ഒരുപക്ഷേ ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം മറ്റൊന്നാകുമായിരുന്നില്ലേയെന്ന് ഞാൻ ന്യായമായി സംശയിക്കുകയാണ്. സാധാരണക്കാരനായി ജനിച്ച് പണ്ഡിതനും സാമ്പത്തിക വിദഗ്ദ്ധനും രാഷ്ട്രീയതന്ത്രജ്ഞനും നല്ല സംഘാടകനും സർവ്വോപരി ഉത്തമ ജനസേവകനുമായി മാറാൻ പ്രണബ് കുമാർ മുഖർജിക്ക് കഴിഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും കക്ഷിനേതാക്കളും പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും പൂർണ്ണമായി യോജിച്ചുകൊണ്ട് ആ ദീപ്തസ്മരണയ്ക്കുമുന്നിൽ പ്രണാമം അർപ്പിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, സി. എഫ്. തോമസ് നമുക്കെല്ലാം പ്രിയങ്കരനായിരുന്ന ഒരു സാമാജികനായിരുന്നു. അദ്ദേഹത്തെപ്പറ്റി അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് നേതാക്കളും പറഞ്ഞ വികാരങ്ങളോട് ഞാനും യോജിക്കുന്നു. കേരള കോൺഗ്രസിന്റെ ചരിത്രത്തിൽ അദ്ദേഹത്തിന് വലിയ സ്ഥാനമാണുണ്ടായിരുന്നത്. ഞാൻ കേരള കോൺഗ്രസ് (ജെ)-യുടെ ചെയർമാനായി 20 വർഷം പ്രവർത്തിച്ചു. അക്കാലയളവിൽ കേരള കോൺഗ്രസ് (എം)-ന്റെ ചെയർമാനായി സി. എഫ്. തോമസും കുറെക്കാലം പ്രവർത്തിച്ചിരുന്നു. ഞങ്ങൾ വീണ്ടും യോജിച്ചപ്പോൾ ഞാൻ വർക്കിംഗ് ചെയർമാനും സി. എഫ്. തോമസ് ഡെപ്യൂട്ടി ചെയർമാനുമായിരുന്നു. അദ്ദേഹം ചങ്ങനാശ്ശേരിയിൽ നടത്തിയ ഒരു പ്രസംഗത്തെപ്പറ്റി മുൻ ഡി.ജി.പി. ശ്രീ. അലക്സാണ്ടർ ജേക്കബ് എന്നോട് വിളിച്ചുപറഞ്ഞിരുന്നു. എല്ലാ സമുദായങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണ് ചങ്ങനാശ്ശേരി. സമുദായ സംഘർഷത്തിന്റെ പേരിൽ ഒരു കേസുപോലും രജിസ്റ്റർ ചെയ്യാത്ത ഒരു നിയോജകമണ്ഡലമാണത്. എല്ലാവരെയും ഒരുപോലെ കണ്ട് പ്രവർത്തിക്കാൻ സി. എഫ്. തോമസിന് കഴിഞ്ഞു. എപ്പോഴും ആവശ്യപ്പെടാറുള്ള കാര്യമാണ് ആ മണ്ഡലത്തിലൊരു

ബൈപ്പാസും എ. സി. കനാലിന്റെ പൂർത്തീകരണവും. ചങ്ങനാശ്ശേരിയുടെയും കുട്ടനാടിന്റെയും നിലനിൽപ്പിന് എ.സി. കനാൽ പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്. കുട്ടനാട്ടിൽ പ്രളയമുണ്ടായപ്പോൾ ശ്രീ. വി. എസ്. സുനിൽകുമാർ അവിടെ സന്ദർശിക്കുമെന്ന് പറഞ്ഞു. 'എനിക്ക് ആരോഗ്യപരമായ കാരണങ്ങളാൽ അവിടേയ്ക്ക് യാത്ര ചെയ്യാൻ സാധിക്കില്ല, അതുകൊണ്ട് ഔസേപ്പച്ചൻ പോകണം' എന്നുപറഞ്ഞു. അങ്ങനെ ഞാൻ അവിടെ പോയിരുന്നു. അന്നും എ. സി. കനാലിന്റെ കാര്യത്തെപ്പറ്റി പ്രത്യേകം പറയണമെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് സഫലമാക്കാൻ കഴിയാത്ത ഒരു സ്വപ്നമായിരുന്നു അത്. അവിടെ മനയ്ക്കച്ചിറയിൽ ടൂറിസത്തിന്റെ ഭാഗമായി ആ കനാലിനോടനുബന്ധിച്ച് ഒരു പദ്ധതി അദ്ദേഹം തയ്യാറാക്കിയിട്ടുണ്ടായിരുന്നു, അദ്ദേഹം അതിൽ ശ്രദ്ധാലുവായിരുന്നു. ഈ നിയമസഭയ്ക്കുള്ളിൽ അനാരോഗ്യമുള്ളപ്പോൾപ്പോലും അദ്ദേഹം ശബ്ദ ഗാംഭീര്യത്തോടെയും സ്ഫുടമായും കാര്യങ്ങൾ അവതരിപ്പിക്കുമായിരുന്നു. സി. എഫ്. തോമസ് മരിച്ചപ്പോൾ അവിടത്തെ ഒരു പ്രമുഖ വൈദികൻ പറഞ്ഞത്, അദ്ദേഹം നല്ലൊരു സമരിയക്കാരനായിരുന്നുവെന്നാണ്. ബൈബിളിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് സമരിയക്കാരൻ. ആക്രമണത്തിൽപ്പെട്ട് മൃതപ്രായനായി കിടന്ന ഒരാളിന്റെ അരികിൽക്കൂടി വൈദ്യരും മറ്റ് പലരും കടന്നുപോയി. ഈ സമരിയക്കാരൻ ആ ആളെ എടുത്ത് സത്രത്തിലാക്കി പരിചരിച്ചു. ഒരു ബന്ധവുമില്ലാതിരുന്ന ആ പാവപ്പെട്ടവനെ ശുശ്രൂഷിച്ച സമരിയക്കാരന് ബൈബിളിൽ വലിയ സ്ഥാനമാണ്. അതുപോലെ സമരിയക്കാരനായിരുന്നു സി. എഫ്. തോമസ്. അദ്ദേഹം രാഷ്ട്രീയം നോക്കാതെ എല്ലാവരെയും ശ്രദ്ധിച്ച ഒരാളായിരുന്നു. അദ്ദേഹം കൂടുതൽ സന്ദർഭങ്ങളിലും സി.പി.ഐ. (എം)-ന് എതിരെയായിരുന്നു മത്സരിച്ചത്. അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചത്, ഏത് കമ്മിറ്റിയിലാണെന്ന് ഓർമ്മയില്ല, അത് ചങ്ങനാശ്ശേരി സി.പി.ഐ.(എം) കമ്മിറ്റിയുടെ അഭിവാദനമായിരുന്നു. എല്ലാവരെയും ഒരുപോലെയായിരുന്നു സി. എഫ്. തോമസ് കണ്ടിരുന്നത്. നമുക്കെല്ലാം ഒരു മാതൃകയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

മുൻ രാഷ്ട്രപതിയായിരുന്ന പ്രണബ് കുമാർ മുഖർജി ഇന്ത്യയുടെ അഭിമാനമുയർത്തിയ ഒരു നേതാവായിരുന്നു. അദ്ദേഹം ധനകാര്യ വകുപ്പ് കൈകാര്യം ചെയ്തിരുന്നു. എനിക്കൊരു ചെറിയ ഓർമ്മയുള്ളത്, പ്രീ ബഡ്ജറ്റ് ചർച്ചയ്ക്കായി എന്നെ ഒരിക്കൽ ക്ഷണിച്ചിരുന്നു. ഞാൻ നോക്കിയപ്പോൾ എനിക്ക് പ്രത്യേക പദവികളൊന്നുംതന്നെ ഇല്ലായിരുന്നു. ഗാന്ധിജി സ്റ്റഡി സർക്കിളിന്റെ ചെയർമാൻ കാർഷിക വിഷയവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാൻ എന്നെ ക്ഷണിക്കുകയും അങ്ങനെ അവിടെ ചർച്ച ചെയ്യാൻ ഒരവസരമുണ്ടാക്കിത്തരികയും

ചെയ്തു. ഇന്ത്യയിലെ എല്ലാ വിഭാഗം ആളുകളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയിരുന്ന പ്രീ ബഡ്ജറ്റ് ഡിസ്കഷനിൽ ചർച്ച ചെയ്യാൻ അദ്ദേഹം എന്നെ ക്ഷണിച്ചു. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഏറ്റവും പ്രഗത്ഭനായ മന്ത്രിയായിരുന്നു പ്രണബ് കുമാർ മുഖർജി. വിദേശകാര്യമന്ത്രി, പ്രതിരോധമന്ത്രി എന്നീ നിലകളിലും അദ്ദേഹം ശോഭിച്ചിട്ടുണ്ട്. ഇന്ത്യയുടെ പ്രധാനമന്ത്രിയായി ഉയർന്നുവരാനുള്ള ഒരു പേരായിരുന്നു അദ്ദേഹത്തിന്റേത്. ഏതായാലും ബംഗാളിന്റെ ആ വീരപുത്രന്റെ, ഇന്ത്യയ്ക്ക് അഭിമാനം പകർന്നുനൽകിയ നേതാക്കളിലൊരാളായിരുന്ന അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാണി. സി. കാപ്പൻ</u>: സർ, പരേതരായ ഈ രണ്ട് മഹത് വ്യക്തികളെപ്പറ്റി അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ മുഴുവൻ കാര്യങ്ങളോടും ഞാനും യോജിക്കുന്നു. പരേതനായ ചങ്ങനാശ്ശേരി എം.എൽ.എ. ആയിരുന്ന സി. എഫ്. തോമസ് സാറിന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. എം.എൽ.എ. ആകുന്നതിനുമുമ്പുതന്നെ പൊതുപ്രവർത്തകനെന്ന നിലയിൽ സി. എഫ്. തോമസ് സാറിന് നാട്ടിലും സാധാരണ ജനങ്ങളുടെയിടയിലുമുണ്ടായിരുന്ന അംഗീകാരം വളരെ വലുതാണ്. അദ്ദേഹത്തിന്റെ വീടിനടുത്തായിരുന്നു എന്റെ ഭാര്യ വീട്. അതുകൊണ്ട് 1982 മുതൽ അദ്ദേഹവുമായി വളരെ നല്ല ബന്ധം പുലർത്തിപ്പോരാൻ എനിക്ക് കഴിഞ്ഞു. എല്ലാക്കാലത്തും ജനങ്ങളോടൊപ്പം പ്രവർത്തിച്ച അദ്ദേഹത്തിന്റെ നിര്യാണം ഈ നാടിന് തീരാനഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. കേരള കോൺഗ്രസിന്റെ സ്ഥാപക നേതാക്കളിലൊരാളും ഡെപ്യൂട്ടി ചെയർമാനുമായിരുന്നു. 1980 മുതൽ തുടർച്ചയായി ചങ്ങനാശ്ശേരിയിൽനിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 40 കൊല്ലം എം.എൽ.എ.-യും 2001-2006-ലെ യു.ഡി.എഫ്. മന്ത്രിസഭയിൽ ഗ്രാമവികസന വകുപ്പുമന്ത്രിയുമായിരുന്നു. ശ്രീ. എ. കെ. ആന്റണി മന്ത്രിസഭയിലും അദ്ദേഹം അംഗമായിരുന്നു. ഇതെല്ലാം സി. എഫ്. തോമസിന് ജനങ്ങൾ നൽകിയ അകമഴിഞ്ഞ പിന്തുണയാണെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെയും കുടുംബാംഗങ്ങളുടെയും അദ്ദേഹത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളുടെയും ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ട് ഞാൻ അനുശോചനം രേഖപ്പെടുത്തുന്നു.

പരേതനായ മുൻ രാഷ്ട്രപതി പ്രണബ് കുമാർ മുഖർജി രാജ്യം ഭാരതരത്ന പുരസ്കാരം നൽകി ആദരിച്ച വ്യക്തിയും ഇന്ത്യയുടെ പതിമൂന്നാമത്തെ രാഷ്ട്രപതിയുമായിരുന്നു. ബംഗാളിൽനിന്നും രാഷ്ട്രപതിയാകുന്ന ആദ്യ വ്യക്തിയായിരുന്നു. ബംഗാളിൽനിന്നും ഇന്ത്യൻ ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യ ബംഗാളിയെന്ന അംഗീകാരവും പ്രണബ് കുമാർ മുഖർജിക്ക് സ്വന്തമാണ്. ഇന്ത്യ-യു. എസ്.

ആണവക്കരാർ നടപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചിരുന്നത് അദ്ദേഹമായിരുന്നു. 2004-ൽ പ്രതിരോധ വകുപ്പുമന്ത്രിയായും 2006-ൽ വിദേശകാര്യ വകുപ്പുമന്ത്രിയായും രണ്ടാം യു.പി.എ. സർക്കാരിൽ ധനകാര്യ വകുപ്പുമന്ത്രിയായും അദ്ദേഹം പ്രവർത്തിച്ചു. ധനകാര്യമന്ത്രിയായിരിക്കുമ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, പെൺകുട്ടികളുടെ സാക്ഷരത, ആരോഗ്യ പരിരക്ഷാ പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. ഐ.എം.എഫ്., ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, ആഫ്രിക്കൻ ഡെവലപ്മെന്റ് ബാങ്ക് എന്നിവയുടെ ബോർഡ് ഓഫ് ഗവേണൻസിൽ അംഗമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം ഈ രാജ്യത്തിന് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെയും കുടുംബാംഗങ്ങളുടെയും അദ്ദേഹത്തെ സ്നേഹിക്കുന്ന മുഴുവൻ ആളുകളുടെയും ദു:ഖത്തിൽ പങ്കുചേർന്നുകൊണ്ട് ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളുമെല്ലാം മുന്നോട്ടുവച്ച അഭിപ്രായങ്ങളോട് യോജിക്കുകയാണ്. ഈ രണ്ട് മഹത്‌വ്യക്തികൾ, അവരുടെ സ്മരണയ്ക്കുമുമ്പിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു. സി. എഫ്. തോമസ് സാർ, ഇവിടെ പ്രതിപാദിച്ചതുപോലെതന്നെ ലാളിത്യത്തിന്റെയും സൗമ്യതയുടെയും ഒരു വലിയ മുഖമായിരുന്നു. അദ്ദേഹം നാല് പതിറ്റാണ്ടുകളോളം ഒരു നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്നുവെന്ന് പറയുമ്പോൾ അദ്ദേഹത്തിൽ ജനങ്ങളർപ്പിച്ച വിശ്വാസം, ജനങ്ങളോട് ചേർന്നുനിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് യാഥാർത്ഥ്യമാണ്. എല്ലാ ജനവിഭാഗങ്ങളെയും ഇണക്കിച്ചേർത്ത് മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നുവെന്നതാണ് അദ്ദേഹത്തിന്റെ വിജയത്തിന്റെ അടിസ്ഥാനമെന്ന് നമുക്ക് പറയാൻ കഴിയും. ആരോടും വിദ്വേഷം വച്ചുപുലർത്താതെ എല്ലാവരെയും ഉൾക്കൊള്ളാൻ കഴിയുന്ന നല്ലൊരു സമീപനം അദ്ദേഹത്തിനുണ്ടായിരുന്നു. അനാരോഗ്യം അലട്ടിയപ്പോഴുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങൾ ശ്രീ. പി. ജെ. ജോസഫ് സാർ ഇവിടെ സൂചിപ്പിച്ചു. പ്രളയമുണ്ടായപ്പോൾ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിട്ട ഒരു പ്രദേശമായിരുന്നു കുട്ടനാട്, അപ്പർകുട്ടനാട് മേഖലകൾ. അനാരോഗ്യത്താൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അറിയിക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും അദ്ദേഹത്തിന്റെ ഇടപെടലുകൾ വളരെ ശക്തമായിരുന്നുവെന്ന് ഞാൻ ഓർക്കുകയാണ്. അവിടങ്ങളിലെ ക്യാമ്പുകളുടെ പ്രവർത്തനങ്ങളിലും ഏകോപനങ്ങളിലുമൊക്കെ അനാരോഗ്യം മറന്ന് ഇടപെടാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. സി. എഫ്. തോമസ് സാറിന്റെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാൻ കഴിഞ്ഞ ഒരു വ്യക്തിയാണ് ഞാൻ. കോവിഡ്-19 വ്യാപനം നടന്നുകൊണ്ടിരുന്ന സമയത്തായിരുന്നു അദ്ദേഹത്തിന്റെ സംസ്കാരച്ചടങ്ങുകൾ

നടന്നത്. അന്ന് കോവിഡ് പ്രോട്ടോകോളും ലോക്ക്ഡൗണും മറന്ന് അവിടേയ്ക്ക് കടന്നുവന്ന ആയിരക്കണക്കിന് ജനങ്ങൾ അദ്ദേഹത്തോടുള്ള സ്നേഹവും താൽപ്പര്യവുമെല്ലാം പ്രകടിപ്പിച്ചത് ഞാൻ ഓർക്കുകയാണ്. ഗ്രാമവികസന, രജിസ്ട്രേഷൻ വകുപ്പുകളുടെ ചുമതലകൾ വഹിച്ചിരുന്ന അദ്ദേഹം മന്ത്രിയെന്ന നിലയിലും നിയമസഭാ സാമാജികനെന്ന നിലയിലുമൊക്കെ മുന്നോട്ടുവച്ച ആശയങ്ങൾ എല്ലാക്കാലത്തും സ്മരിക്കപ്പെടുമെന്ന് പറയാൻ ഈ അവസരം ഞാൻ പ്രയോജനപ്പെടുത്തുകയാണ്.

പ്രണബ് കുമാർ മുഖർജി രാഷ്ട്രപതിയെന്ന നിലയിൽ ഇന്ത്യകണ്ട മികച്ച ഭരണാധികാരിയും രാഷ്ട്രതന്ത്രജ്ഞനും ഭരണഘടനാ വിദഗ്ദ്ധനുമായിരുന്നു. അഞ്ച് പതിറ്റാണ്ടോളം നീണ്ടുനിന്ന പൊതുജീവിതത്തിൽ ഏകദേശം 38 വർഷത്തോളം അദ്ദേഹം വിവിധ പാർലമെന്ററിയൻ സ്ഥാനങ്ങൾ വഹിച്ചിരുന്നു. ധനകാര്യം, പ്രതിരോധം, വിദേശകാര്യം എന്നിവയടക്കം രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളുടെ ചുമതലയാണ് അദ്ദേഹം വഹിച്ചിരുന്നത്. അദ്ദേഹത്തിൽ കോൺഗ്രസ് പാർട്ടി അർപ്പിച്ച വിശ്വാസം അദ്ദേഹത്തിന്റെ രാഷ്ട്രതന്ത്രജ്ഞതയും ഭരണഘടനയിലുള്ള അഗാധ പാണ്ഡിത്യവുമാണ്. അത് രാജ്യത്തിന്റെ പുരോഗതിക്കും മുന്നേറ്റത്തിനും ഏറെ പ്രയോജനപ്പെട്ടിരുന്നുവെന്നത് വാസ്തവമാണ്. അദ്ദേഹം രാഷ്ട്രപതിയായ സന്ദർഭത്തിൽ ഈ സഭയിൽ വരികയും നമ്മെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചതുമൊക്കെ നമ്മുടെ മനസ്സുകളിലുണ്ട്. ബഹുമാനപ്പെട്ട ചെയർ സൂചിപ്പിച്ചതുപോലെ, ഏത് വിഷയത്തെ സംബന്ധിച്ചുമുള്ള അദ്ദേഹത്തിന്റെ അഗാധമായ അറിവ് ആരെയും അത്ഭുതപ്പെടുത്തുന്നത് തന്നെയായിരുന്നു. അദ്ദേഹത്തിന്റെ നഷ്ടം രാജ്യത്തിനുണ്ടായ വലിയൊരു നഷ്ടമാണ്. ഈ രണ്ട് വ്യക്തികളുടെയും പാവനസ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ള കക്ഷിനേതാക്കന്മാർ ഇവിടെ രേഖപ്പെടുത്തിയ ഹൃദയവികാരത്തോടൊപ്പം ഞാനും പങ്കുചേരുകയാണ്.

നമ്മോടൊപ്പം ഈ സഭയിലുണ്ടായിരുന്ന സി. എഫ്. തോമസ്- ചെന്നിക്കര ഫ്രാൻസിസ് തോമസ് എന്ന നമ്മുടെ സുഹൃത്തും സഹോദരനും സഹപ്രവർത്തകനുമായ സി. എഫ്. തോമസിന്റെ അകാല ദേഹവിയോഗം നമ്മുടെയെല്ലാം മനസ്സിനെ ദുഃഖനിർഭരമാക്കുകയാണ്. അദ്ദേഹത്തിന്റെ സേവനങ്ങളെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞ വാക്കുകൾ ഞാൻ

ആവർത്തിക്കുന്നില്ല. ഒരു ജനപ്രതിനിധിയും രാഷ്ട്രീയ നേതാവും എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ചുള്ള ഒരു ഗുണപാഠമായിരുന്നു സി.എഫ്. തോമസ്. എതിരാളികൾക്കുപോലും സ്നേഹിക്കാനും ആദരിക്കാനും കഴിയുന്ന സമീപനങ്ങളും ലാളിത്യവും സ്നേഹസ്പർശവും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. അദ്ദേഹത്തോടൊപ്പം ഞാനും ആദ്യമായി എം.എൽ.എ. ആയിരുന്നപ്പോൾ എം.എൽ.എ. ഹോസ്റ്റലിൽ ഞങ്ങൾ മുഖാമുഖം നിൽക്കുന്ന മുറികളിലായിരുന്നു താമസിച്ചിരുന്നത്. ഒന്നിച്ച് നിയമസഭയിലേയ്ക്ക് വന്നതും അദ്ദേഹത്തിന്റെ ഉപദേശ-നിർദ്ദേശങ്ങളൊക്കെ കേൾക്കാനും പരിചയപ്പെടാനും സാധിച്ചത് ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. രാഷ്ട്രീയ നേതാവെന്ന നിലയ്ക്ക് കേരളാ കോൺഗ്രസിന്റെ സമാരംഭ കാലത്തുതന്നെ നേതൃത്വം അലങ്കരിച്ചൊരു വ്യക്തിയാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പടവുകളിലൂടെ കയറിവന്ന് വിവിധതലങ്ങളിൽ അദ്ദേഹം ശ്രദ്ധേയനായി. ഒമ്പത് തവണ ഒരേ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുകയെന്ന അപൂർവ്വമായ ഒരു രാഷ്ട്രീയ ചരിത്രവും അദ്ദേഹം സൃഷ്ടിക്കുകയുണ്ടായി. അങ്ങനെ ഒരുപാട് വ്യക്തിത്വങ്ങളുടെ അലങ്കാരങ്ങളുമായി നമ്മളോടൊപ്പം ജീവിച്ച്, ബന്ധപ്പെട്ടവർക്കൊന്നും വിസ്മരിക്കാൻ കഴിയാത്ത ഹൃദയബന്ധം സ്ഥാപിച്ചിരുന്ന ഒരു വ്യക്തിത്വത്തിന്റെ നഷ്ടം നമ്മെയെല്ലാം ഏറെ ദുഃഖിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ ദീപ്തസ്മരണകൾക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

രാഷ്ട്രപതിയായി പ്രവർത്തിച്ചിരുന്ന പ്രണബ് കുമാർ മുഖർജിയെക്കുറിച്ചുള്ള അപദാനങ്ങളും ധാരാളമുണ്ട്. വിദേശകാര്യം, പ്രതിരോധം, ധനകാര്യം എന്നീ വകുപ്പുകളിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. രാഷ്ട്രപതി, ആസൂത്രണ കമ്മീഷന്റെ അധികാരി തുടങ്ങിയ വിവിധതലങ്ങളിൽ പ്രശോഭിതനായിരുന്നു. നോർത്ത് മലബാർ ഗ്രാമീണ ബാങ്കിന് അസ്ഥിവാരമിട്ടപ്പോൾ കണ്ണൂർ ടൗൺഹാളിൽ ഉദ്ഘാടനം നിർവ്വഹിക്കാൻ എത്തിച്ചേർന്നത് കേന്ദ്രമന്ത്രിയായിരുന്ന പ്രണബ് കുമാർ മുഖർജിയായിരുന്നു. ഗ്രാമീണ ബാങ്ക് എന്ന ബാങ്കിംഗ് മേഖലയിലെ ആദ്യത്തെ സംരംഭമെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ പങ്കെടുക്കണമെന്ന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയോട് അന്ന് എം.പി. ആയിരുന്ന ഞാൻ ലോക്സഭയിലെ പ്രധാനമന്ത്രിയുടെ ഓഫീസിൽ ചെന്ന് അഭ്യർത്ഥിച്ചെങ്കിലും പ്രണബ് കുമാർ മുഖർജിയെയായിരുന്നു ആ ചടങ്ങ് നിർവ്വഹിക്കാൻ നിയുക്തനാക്കിയതെന്ന കാര്യം ഞാൻ ഓർക്കുകയാണ്. ഇന്ന് പ്രസ്തുത ബാങ്കിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും സഹായങ്ങളും കൃതജ്ഞതയോടുകൂടി ഓർമ്മിക്കാൻ കഴിയും. പത്മവിഭൂഷൺ,

ഭാരതരത്ന എന്നീ ദേശീയ ബഹുമതികൾകൂടി സ്വീകരിച്ചുകൊണ്ട് നമ്മോടൊപ്പം നമ്മുടെ രാജ്യത്തിന്റെ ഉന്നതസ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന ആ വ്യക്തിത്വത്തിന്റെ ദേഹവിയോഗം ദേശീയ, രാഷ്ട്രീയ, സാമൂഹ്യ രംഗത്തിന്റെ നഷ്ടമാണ്. ഈ വിശിഷ്ട വ്യക്തിത്വത്തെ ബന്ധപ്പെടാനും അടുത്ത് പരിചയപ്പെടാനും ലോക്സഭാംഗമെന്ന നിലയിൽ എനിക്ക് അവസരമുണ്ടായി. പ്രകോപനമില്ലാതെ പ്രതിപക്ഷങ്ങളെ, സഭയെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതരത്തിലുള്ള അദ്ദേഹത്തിന്റെ പ്രസംഗപാടവം മാതൃകാപരമാണ്. രണ്ട് വ്യക്തിത്വങ്ങളും നമുക്ക് നഷ്ടമായത് കോവിഡ്-19 ബാധയെത്തുടർന്നാണെന്നത് ഏറെ ദുഃഖിപ്പിക്കുന്ന കാര്യംകൂടിയാണ്. ആധുനിക വൈദ്യശാസ്ത്രത്തിനും രക്ഷിക്കാൻ കഴിയാത്തവിധം കോവിഡ്-19 ബാധയേറ്റ് രണ്ടുപേരും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ആ രണ്ട് വ്യക്തിത്വങ്ങളുടെ പ്രോജ്ജ്വലിക്കുന്ന ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, നമ്മൾ ഇന്നിവിടെ സമ്മേളിച്ചിട്ടുള്ളത് രണ്ട് പ്രമുഖ വ്യക്തികളെ അനുസ്മരിക്കാൻവേണ്ടിയാണ്. അതിൽ സി. എഫ്. തോമസിനെ സംബന്ധിച്ചിടത്തോളം ഈ സഭയിലുണ്ടായിരുന്ന പങ്കും അദ്ദേഹത്തിന്റെ പ്രവർത്തന മേഖല ദക്ഷിണ കേരളമായതുകൊണ്ട് അവിടെയുള്ള കാര്യങ്ങളുമൊക്കെ പല സുഹൃത്തുക്കളും ചൂണ്ടിക്കാണിക്കുകയുണ്ടായി. എനിക്കതിൽ പങ്കുചേരാനുള്ള അവസരമുണ്ടായിരുന്നില്ല. പക്ഷേ, ഏറ്റവും പ്രധാനപ്പെട്ട ആൾ, പ്രണബ് കുമാർ മുഖർജി. 'പ്രണബ് ദാ' എന്ന് എല്ലാവരും സ്നേഹപൂർവ്വം വിളിക്കുന്ന അദ്ദേഹം ഞാൻ രണ്ട് പ്രാവശ്യം അതായത്, 12 വർഷം രാജ്യസഭാ മെമ്പറായിരുന്ന കാലഘട്ടത്തിൽ അദ്ദേഹമുണ്ടായിരുന്നു. ഞാൻ ആദ്യമായി ഹൗസിൽ പോകുന്ന ആളായതിനാൽ എനിക്ക് വലിയ പരിചയമുണ്ടായിരുന്നില്ല. ഒരു പുതിയ അംഗത്തെ സഹായിക്കാൻ അദ്ദേഹം എപ്പോഴും സന്നദ്ധനായിരുന്നു. എനിക്ക് എന്തെങ്കിലും സംശയമുണ്ടാകുമ്പോൾ അക്കാര്യം ചോദിച്ച് മനസ്സിലാക്കുന്നത് അദ്ദേഹത്തോടായിരുന്നു. എനിക്ക് പാർലമെന്ററി കാര്യത്തിന്റെ ചുമതലയുണ്ടായിരുന്നപ്പോഴുണ്ടായ ഒരു ഇഷ്യൂ സംബന്ധിച്ച് സംശയം തീർക്കാൻ അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന ഡോ. മൻമോഹൻ സിംഗിനെ സമീപിച്ചപ്പോൾ അദ്ദേഹം പറഞ്ഞു "You better please refer to Pranab Kumar Mukherjee. He will be able to give you better...” . അങ്ങനെ ഞാൻ പ്രണബ് കുമാർ മുഖർജിയെ സമീപിച്ചു. അദ്ദേഹം വളരെ വിശദമായി, തൃപ്തികരമായ രീതിയിൽ പറഞ്ഞുതരികയുണ്ടായി. അദ്ദേഹം ഒരു പൂർണ്ണമായ ഈശ്വര വിശ്വാസിയായിരുന്നു, നിത്യപൂജകളും മറ്റ് കാര്യങ്ങളുമൊക്കെ ചെയ്യുന്ന ആളായിരുന്നു. ഒരു തികഞ്ഞ ഈശ്വര വിശ്വാസിയായിരുന്നതുകൊണ്ട് എല്ലാ ഈശ്വര വിശ്വാസത്തെയും

ആദരിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. അങ്ങനെയുള്ള ഒരു വ്യക്തിയാണ് നഷ്ടപ്പെട്ടുപോയത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എല്ലാവരും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു, ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, നമ്മോടൊപ്പം ഇന്ന് സഭയിലുണ്ടാകേണ്ടിയിരുന്ന പ്രിയങ്കരനായ സി. എഫ്. തോമസ് സാർ ഇപ്പോൾ നമ്മോടൊപ്പമില്ല. അദ്ദേഹത്തെക്കുറിച്ച് ഈ സഭയിലെ കക്ഷിനേതാക്കൻമാരും അങ്ങും പ്രകടിപ്പിച്ച എല്ലാ വികാരത്തോടും ഞാനും യോജിക്കുകയാണ്. അദ്ദേഹം നല്ലൊരു അദ്ധ്യാപകനായിരുന്നു. സി.എഫ്. സാർ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്, സി. എഫ്. തോമസ് എന്ന് ആരും പറയാറില്ല. രണ്ടക്ഷരത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന് അർഹതപ്പെട്ടത് പൂർണ്ണമായും കിട്ടിയെന്ന തോന്നൽ എനിക്കില്ല. ഞാൻ എറണാകുളത്ത് വിദ്യാർത്ഥിയായിരിക്കുമ്പോൾ, കെ.എസ്.യു. പ്രവർത്തകനായിരിക്കുമ്പോൾ ബഹുമാനപ്പെട്ട സി.എഫ്. സാർ ചങ്ങനാശ്ശേരിയിൽ പാർട്ടിയുടെ നിയോജകമണ്ഡലം പ്രസിഡന്റാണ്. 1980-ൽ ഞാൻ എം.എൽ.എ. സ്ഥാനാർത്ഥിയായി മത്സരിക്കുമ്പോഴാണ് ബഹുമാനപ്പെട്ട സി.എഫ്. സാറിനും മത്സരിക്കാൻ അവസരം ലഭിച്ചത്. അങ്ങനെയാണ് 1980-ൽ അദ്ദേഹം സഭയിലേയ്ക്ക് വരാനിടയായത്. ഇവിടെ അദ്ദേഹം മന്ത്രിയായിരുന്നുവെന്ന് പറയുകയുണ്ടായി. 40 വർഷം എം.എൽ.എ. ആയിരുന്ന സി.എഫ്. സാർ ഒരു പ്രാവശ്യം മന്ത്രിയായത് എങ്ങനെയാണെന്ന് ഞാൻ ഓർക്കുന്നുണ്ട്. ഞാൻ പറയുമ്പോൾ ആരും തെറ്റിദ്ധരിക്കണ്ട. മുന്നണിക്കകത്ത് മൂന്ന് മന്ത്രിസ്ഥാനം പാർട്ടിക്ക് കിട്ടിയപ്പോൾ രണ്ടുപേരെ എടുത്തു. മൂന്നാമതൊരാളെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ 'എന്നാ സി.എഫ്. ഇരുന്നോട്ടെ' എന്നുവച്ച് കൊടുത്തതാണ്. അല്ലെങ്കിൽ അതും അദ്ദേഹത്തിന് കിട്ടില്ലായിരുന്നു. കേരളാ കോൺഗ്രസിലല്ലാതെ കോൺഗ്രസിലാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ അദ്ദേഹത്തെ ഏതെല്ലാം സ്ഥാനങ്ങൾ തേടിയെത്തുമായിരുന്നുവെന്ന് ഞാൻ അദ്ദേഹവുമായി സംസാരിച്ചിട്ടുണ്ട്. അദ്ദേഹം ഈ നാടിനോട് ചെയ്ത സ്നേഹം അത്ര വലുതാണ്. പഠിക്കുന്ന കാലംമുതൽ എനിക്ക് അദ്ദേഹവുമായി ബന്ധമുണ്ട്, അതുകൊണ്ടാണിത് പറയുന്നത്.

നായർ, ക്രൈസ്തവ, മുസ്ലീം സംഗമവേദിയാണ് ചങ്ങനാശ്ശേരി. എൻ.എസ്.എസ്.-ന്റെ ആസ്ഥാനം, ജനറൽ സെക്രട്ടറി ശ്രീ. ജി. സുകുമാരൻ നായരുടെ ആസ്ഥാനം ചങ്ങനാശ്ശേരിയാണ്. ക്രൈസ്തവ സഭയ്ക്ക് എപ്പോഴും നേതൃത്വം കൊടുക്കുന്ന സഭാ നേതാക്കൻമാർ, പൗവ്വത്തിൽ പിതാവ് എന്നിവരുടെ സ്ഥലമാണ് ചങ്ങനാശ്ശേരി. ഇസ്ലാംമത വിശ്വാസികളെ സംബന്ധിച്ചിടത്തോളം നിയമപരമായ തർക്കങ്ങളൊക്കെയുണ്ടെങ്കിലും എല്ലാവരുംചേർന്ന് ചന്ദനക്കുടം മഹോത്സവം

നടത്തുന്ന മേഖലയാണ് ചങ്ങനാശ്ശേരി. ആ ചങ്ങനാശ്ശേരിയിൽ എം.എൽ.എ. ആയിരിക്കാൻ 40 വർഷം സി.എഫ്. സാറിന് അവസരം ലഭിച്ചുവെന്നുപറഞ്ഞാൽ അദ്ദേഹത്തിന്റെ മതേതര മുഖം എത്ര വലുതായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ നമുക്ക് കഴിയും. ഈ സഭയിൽ വരുമ്പോഴും അദ്ദേഹത്തിന്റെ പ്രവർത്തനം അത്രമാത്രം മാന്യമായിരുന്നു. അതുപോലെ ഞാൻ കണ്ട വേറൊരു പ്രത്യേകതകൂടി പറയാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരത്തുള്ളപ്പോൾ എല്ലാ ദിവസവും രാവിലെ പാളയം പള്ളിയിൽ പോയി അദ്ദേഹം കുർബാന കാണുമായിരുന്നു. ഞായറാഴ്ച ദിവസം കുർബാന കാണണമെന്ന് ക്രൈസ്തവന് നിർബന്ധമാണ്. പക്ഷേ, സി.എഫ്. സാർ എല്ലാ ദിവസവും പള്ളിയിൽ പോയി പ്രാർത്ഥിക്കുമെന്നുമാത്രമല്ല, കുർബാനയും കാണുമായിരുന്നു. പാളയം പള്ളിയിലെ എല്ലാ ദിവസത്തെയും കുർബാന കാണുന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. അങ്ങനെ ദൈവത്തെ മുറുകെപ്പിടിച്ചുകൊണ്ട് ജീവിച്ച ആ വലിയ മനുഷ്യൻ ഇന്ന് നമ്മോടൊപ്പമില്ല. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ അനുജനാണ് അദ്ദേഹത്തിന്റെ കുടുംബത്തിന്റെ നാഥനായി ഇപ്പോഴുള്ളത്, സാജൻ ഫ്രാൻസിസ്. അതും ഞാൻ ഓർക്കുകയാണ്. ആ കുടുംബത്തോട് എന്റെ ദുഃഖം ഞാൻ അറിയിക്കുന്നു.

മുൻരാഷ്ട്രപതി പ്രണബ് കുമാർ മുഖർജിയെപ്പറ്റി സഭയിൽ എല്ലാവരും സംസാരിച്ചു. ഇന്ത്യകണ്ട ഏറ്റവും വലിയ ശക്തനായ ഒരു ഭരണാധികാരിയായിരുന്നു പ്രണബ് കുമാർ മുഖർജി എന്ന് നമുക്കെല്ലാവർക്കും അറിയാം. ഒരു ധനകാര്യ മന്ത്രിയെന്ന നിലയിൽ അദ്ദേഹം ശക്തമായ ഇടപെടലുകൾ നടത്തിയത് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. വിവിധ വകുപ്പുകൾ അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. സാധാരണക്കാരുടെയും പാവങ്ങളുടെയും സ്ത്രീ സമൂഹത്തിന്റെയും മുഖം കണ്ടുകൊണ്ടാണ് അദ്ദേഹത്തിന്റെ തീരുമാനങ്ങളെല്ലാമുണ്ടായതെന്ന് നമുക്കറിയാം. ആ വലിയ മനുഷ്യനും ഇന്ന് ഒരോർമ്മയാണ്. പ്രണബ് കുമാർ മുഖർജിയുടെ ഓർമ്മയ്ക്കുമുമ്പിലും ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9-00-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.02-ന് പിരിഞ്ഞു.

* * * * *